LIBRARY ARCHIVES Kerala Legislative Assembly

തിരുവേണി/നീതി/നന്മസ്റ്റോറുകൾ

116 (461) ശ്രീമതി കെ. എസ് സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര തിരുവേണി /നീതി സ്റ്റോറുകൾ/ നീതി മെഡിക്കൽ/ സ്റ്റോറുകൾ മറ്റ് ന്യായവില വിപണന കേന്ദ്രങ്ങൾ എന്നിവ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ ഓരോവർഷവും എത്ര നന്മസ്റ്റോറുകൾ തുറന്നു പ്രവർത്തനം നടത്തി എന്ന് വർഷംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ പ്രതിസന്ധി നേരിട്ടതുപ്രകാരം ഓരോ വർഷവും അടച്ച സ്ഥാപനങ്ങൾ ഏതെല്ലാം ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്നതുമൂലം അടച്ചുപൂട്ടിയവ ഏതെല്ലാമെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ; ഇതിനുകാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ഇ) ഇവ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ ഇതുവരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 185 തിരുവേണിസ്റ്റോറുകളും 666 നീതി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 86 നീതി മെഡിക്കൽ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 312 നീതി മെഡിക്കൽ സ്റ്റോറുകളും ഉണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച കൺസ്യൂമർഫെഡ് നന്മ സ്റ്റോറുകളുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ പരാമർശിക്കുന്നു :

2011-12	2012-13	2013-14
...	653	216

ഇപ്രകാരം 869 നന്മസ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു. അടുത്ത കാലത്തായി ഫെഡറേഷന്റെ 23 ത്രിവേണി സ്റ്റോറുകൾ കൂടി പരിവർത്തനം ചെയ്ത് നന്മസ്റ്റോറുകളാക്കി മാറ്റിയിട്ടുണ്ട്. ഇപ്രകാരം ആകെ 892 നന്മ സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു.

(സി) സാമ്പത്തിക പ്രതിസന്ധിമൂലം ഓരോ വർഷവും അടച്ച നന്മ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	അടച്ച നന്മ സ്റ്റോറുകളുടെ എണ്ണം		
	2014-15	2015-16	ആകെ
തിരുവനന്തപുരം	...	2	2
കൊല്ലം	6	16	22
ആലപ്പുഴ	...	2	2
പത്തനംതിട്ട	...	3	3
കോട്ടയം	3	...	3
ഇടുക്കി	...	3	3
എറണാകുളം	...	11	11
തൃശ്ശൂർ	...	2	2
പാലക്കാട്	...	12	12
മലപ്പുറം	...	22	22
കോഴിക്കോട്	...	3	3
വയനാട്	...	...	...
കണ്ണൂർ	...	1	1
കാസർഗോഡ്	...	...	...
ആകെ	9	77	86

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്ന കാരണത്താൽ മാത്രം കൺസ്യൂമർഫെഡിന്റെ യാതൊരുവിധ സ്റ്റോറുകളും അടച്ചുപൂട്ടിയിട്ടില്ല. നന്മ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ വാടകരഹിതമായി കരാർ അടിസ്ഥാനത്തിൽ അനുവദിച്ച സ്ഥലങ്ങളിലാണ്. ഇവയിൽ പല സ്റ്റോറുകളുടെയും കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിലും ഫെഡറേഷൻ നേരിടുന്ന സാമ്പത്തിക മാന്ദ്യംമൂലം വിൽപ്പന കുറയുകയും തൽഫലമായി സ്റ്റോറുകൾ നേരിട്ട തുടർച്ചയായ സാമ്പത്തിക നഷ്ടം കാരണവുമാണ് പ്രസ്തുത സ്റ്റോറുകൾ നിർത്തലാക്കേണ്ടി വന്നത്. ഇതിന് ഉദ്യോഗസ്ഥർ ആരും തന്നെ ഉത്തരവാദികളായിട്ടില്ല.

(ഇ) കൺസ്യൂമർഫെഡിൽ അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം നിലവിൽ പ്രവർത്തിക്കുന്ന സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയ ശേഷം മാത്രമേ പുതിയ സ്റ്റോറുകൾ ആരംഭിക്കുകയുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കിയ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ത്രിവേണി/നീതി/നന്മ സ്റ്റോറുകൾ

117(462) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ത്രിവേണി/നന്മ/നീതിസ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് (സ്ഥിരം/താല്കാലികം) ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) ഇവയുടെ പ്രവർത്തനം ലാഭകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ഇക്കഴിഞ്ഞ വാർഷിക സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 232 ത്രിവേണി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 806 നന്മസ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും 714 നീതി സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം Iആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly